(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിലെ കാലവിളംബം മൂലം പല പ്രധാനപ്പെട്ട തസ്തികകളും ഒഴിഞ്ഞു കിടക്കുന്നതിനാൽ സർക്കാരിന്റെ കാര്യ ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള നിയമമനുസരിച്ച് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരി ക്കാനും തസ്തികകൾ നികത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് സ്മാരകങ്ങൾ

39(777)ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് വളപ്പിൽ സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷി കത്തോടനുബന്ധിച്ച് സ്മാരകങ്ങൾ എന്തെങ്കിലും നിർമ്മിക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ചുമതല സെക്രട്ടേറിയറ്റിൽ ഏത് വിഭാഗത്തിനാ ണെന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്;

(ഇ) ഈ കാര്യത്തിൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായോ;

(എഫ്) ഡിസൈൻ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ;

(ജി) അത് തയ്യാറാക്കിയത് ഏത് ഏജൻസിയാണ്;

(എച്ച്) സ്മാരക നിർമ്മിതിക്കാര്യത്തിൽ എന്തെങ്കിലും പരാതിയോ തടസ്സവാദങ്ങളോ ഉണ്ടാക്കിട്ടുണ്ടോ;

(ഐ) ഇക്കാര്യത്തിൽ ആരെല്ലാമായി ചർച്ച ചെയ്തിട്ടുണ്ട്; പ്രതിപക്ഷ വുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ജെ) ഇതിനുള്ള ഫണ്ട് ഏത് തരത്തിൽ കണ്ടെത്താമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെങ്കല്ല്, സിറാമിക്, ഗ്ലാസ്, ഓട് എന്നീ മാദ്ധ്യമങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന 100 അടി നീളവും 50 അടി വീതിയും 6 അടി ഉയരവുമുള്ള ഒരു ശില്പം.

(സി) പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനാണ് ചുമതല.

(ഡി) ശ്രീ. കെ.പി. സോമനെന്ന ശില്പിയ്ക്കാണ് നിർമ്മാണ ചുമതല

(ഇ) ഇല്ല

(എഫ്) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജി) ശില്പിയായ ശ്രീ. കെ.പി. സോമൻ

(എച്ച്) ഇല്ല

(ഐ) ഔദ്യോഗിക തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ജെ) സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയാണ്.

മലയാളത്തിൽ ഉത്തരമെഴുതാൻ അനുമതി

40(778) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന ബിരുദം യോഗ്യതയായുള്ള സൂപ്പർവൈസറി തസ്തികകളല്ലാത്ത നിയമനങ്ങളുടെ പരീക്ഷാ ചോദ്യങ്ങൾക്ക് മലയാളത്തിൽ എഴുതുന്ന ഉത്തരങ്ങൾ പരിഗണിക്കാറുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പി.എസ്.സി നടത്തുന്ന നോൺ സൂപ്പർവൈസറി തസ്തികകളുടെ പരീക്ഷകളുടെ എല്ലാം ഇംഗ്ലീഷ് ഭാഷ അഭിരുചി പരിശോധിക്കുന്ന ചോദ്യങ്ങൾ ഒഴികെയുള്ള ചോദ്യങ്ങൾക്ക് മലയാളത്തിലും ഉത്തരമെഴുതുവാൻ ഉദ്യോഗാർത്ഥികൾക്ക് അനുമതി ഉണ്ടാകാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(സി) പി.എസ്.സി നടത്തുന്ന ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളുടെ നിയമനത്തിന് അപേക്ഷിച്ച, പ്രാഥമിക സഹകരണ ബാങ്കുകളിലെ ഭൂരിഭാഗം ജീവനക്കാർക്കും എസ്.എസ്.എൽ.സി. ജെ.ഡി.സി വിദ്യാഭ്യാസ യോഗ്യത മാത്രമേയുള്ളൂ എന്നതുകൊണ്ട് ഇംഗ്ലീഷ് ഭാഷാഭിരുചി നിർണ്ണയിക്കുന്ന ചോദ്യങ്ങൾ ഒഴികെയുള്ള ചോദ്യങ്ങൾക്ക് മലയാളത്തിലും ഉത്തരമെഴുതാൻ അനുമതി നൽകുന്നതിന് പി.എസ്.സി ക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അധികാരവികേന്ദ്രീകരണ കമ്മിറ്റി

41(779) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാരവികേന്ദ്രീകരണ കമ്മിറ്റി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം സംബന്ധിച്ച് അധികാരവികേന്ദ്രീകരണ കമ്മിറ്റി ശുപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ ശുപാർശ നടപ്പിലാക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കമ്മിറ്റി എത്ര നിയമഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്;

(ഇ) അവയിൽ എത്ര നിയമഭേദഗതികൾ പാസ്സാക്കാൻ കഴിഞ്ഞിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly